# ഗ്രന്ഥകർത്താക്കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

SAYAHNA • FOUNDATION •

ഗ്രന്ഥകർത്താക്കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
സായാഹ്ന ഫൌണ്ടേഷൻ

© 2022, Sayahna Foundation

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2022 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഗ്രന്ഥകർത്താക്കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സായാഹ്ന ഫൗണ്ടേഷൻ ഒരു സ്വതന്ത്രപ്രസാധന സംരംഭമാണ്. ഡിജിറ്റൽ രൂപങ്ങൾ മാത്രമേ സായാഹ്ന പ്രസിദ്ധീകരിക്കുന്നുള്ളൂ, അച്ചടിപ്പതിപ്പില്ല.

## 1 സ്വതന്ത്രപ്രസാധനം

എഴുത്തുകാരുടെയും വായനക്കാരന്റെയും സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നതാണ് സ്വതന്ത്രപ്രസാധനം. ഇന്നത്തെ അച്ചടി-പത്ര-മാദ്ധ്യമപ്രസാധനരംഗത്തു പ്രവർത്തിക്കുന്ന പ്രസാധകരൊക്കെയും തന്നെ വായനക്കാരുടെ സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുന്നവരല്ല. ഇതിൽ സർക്കാരും പെടുന്നു, ഉദാ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. ഇവരെ സ്വകാര്യപ്രസാധകർ എന്നു വിളിക്കേണ്ടിവരും, കാരണം, ഇവർ ഉള്ളടക്കം പകർത്താനോ, മറ്റുള്ളവരുമായി പങ്കുവെയ്ക്കാനോ, പുനഃപ്രസിദ്ധീകരിക്കാനോ ഉള്ള സ്വാതന്ത്ര്യം വായനക്കാരന് ഒരിക്കലും നൽകുന്നില്ല എന്നതുതന്നെ. സ്വതന്ത്രപ്രസാധനം ഈ സ്വാതന്ത്ര്യം വായനക്കാരനു നൽകുന്നു. കൂടാതെ ഉള്ളടക്കം സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്നു. സാമ്പത്തികച്ചെലവില്ലാതെ ഉള്ളടക്കം സമാഹരിക്കാനും അതു നിയമവിധേയമായി പുനരുപയോഗിക്കാനുമുള്ള ഈ സ്വാതന്ത്ര്യം വിദ്യാഭ്യാസ-ഗവേഷണ മേഖലകൾക്ക് വളരെയധികം സഹായകരമാണ്. വിക്കിപ്പീഡിയ ആണ് നമ്മുടെ മുന്നിലെ ഏറ്റവും വലിയ സ്വതന്ത്രപ്രസാധകർ!

സ്വതന്ത്രപ്രസാധന രീതിയിൽ സാമ്പത്തികലാഭം, വരുമാനം എന്നിവ നിലവിലില്ല. അതുകൊണ്ട് റോയൽറ്റി ഗ്രന്ഥകർത്താക്കൾക്ക് പ്രതീക്ഷിക്കാനാവില്ല. ഉള്ളടക്കം പ്രസിദ്ധീകരിക്കാൻ യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഗ്രന്ഥകർത്താക്കൾ വഹിക്കേണ്ടതുമില്ല. സായാഹ്ന ഫൗണ്ടേഷനും ഇതേരീതി തന്നെയാണ് പിന്തുടരുന്നത്.

## 2 അനുമതിപത്രം

പകർപ്പവകാശ നിയമങ്ങൾക്ക വിധേയമായി മാത്രമാണ് സ്വതന്ത്രപ്രസാധനം നടത്തുന്നത്. പകർപ്പവകാശം ഉറപ്പുവരുത്താനുള്ള പലതരം അനുമതിപത്രങ്ങൾ ഇന്ന് പ്രചാരത്തിലുണ്ട്. ഉദാ: ക്രിയേറ്റിവ് കോമൺസ് ലൈസൻസ്, ഫ്രീ ഡോക്കുമെന്റേഷൻ ലൈസൻസ്, തുടങ്ങിയവ. ഈ അനുമതിപത്രങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത് ക്രിയേറ്റിവ് കോമൺസ് ലൈസൻസ് ആണ്. വിക്കിപ്പിഡിയ ഈ ലൈസൻസ് ആണ് ഉപയോഗിക്കുന്നത്, അതുതന്നെയാണ് സായാഹ്നയും.

### ക്രിയേറ്റിവ് കോമൺസ് ലൈസൻസ്

ഒരു ഗ്രന്ഥകർത്താവ് തന്റെ സൃഷ്ടികൾ പൊതുജനം ഉപയോഗിക്കുകയോ വിതരണം ചെയ്യുകയോ അവയുപയോഗിച്ച കൂടുതലായെന്തെങ്കിലും സൃഷ്ടിക്കുകയോ ചെയ്യുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഈഅനുമതിപത്രം ഉപയോഗിക്കാം. അനുമതിപത്രമില്ലാതെ പ്രസിദ്ധീകരിച്ച സൃഷ്ടികൾ സ്രഷ്ടാവിന്റെ അനുമതിയില്ലാതെ ഉപയോഗിക്കുന്നത് പകർപ്പവകാശ നിയമത്തിന്റെ ലംഘനമാണ്. അവ നമുക്ക് കണ്ടാസ്വദിക്കാമെങ്കിലും ഒരു കാര്യത്തിനും ഉപയോഗിക്കാനാവില്ല. ഇതിനൊരു പരിഹാരമാണ് ക്രിയേറ്റീവ് കോമൺസ് പോലുള്ള പൊതുപകർപ്പവകാശ അനുമതിപത്രങ്ങൾ. ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം സ്രഷ്ടാവിന്റേയും ഉപയോക്താവിന്റെയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിക്കുന്നു. ഉപയോക്താവിന് സ്രഷ്ടാവിനെ സമീപിക്കേണ്ട ആവശ്യമില്ല. അനുമതിപത്രത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കണമെന്നുമാത്രം. അതുകൊണ്ട് സ്രഷ്ടാവുമായി ബന്ധപ്പെടാൻ സാദ്ധ്യമല്ലെങ്കിലും സൃഷ്ടികൾ പാഴായിപ്പോവുകയില്ല (മലയാളം വിക്കിപ്പിഡിയ).

പകർപ്പവകാശനിയമത്തിന്റെ പരിധിയിൽ വരുന്ന സൃഷ്ടികൾക്ക് — പുസ്തകങ്ങൾ, നാടകങ്ങൾ, സിനിമകൾ, സംഗീതം, ലേഖനങ്ങൾ, ചിത്രങ്ങൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ — എന്നിവക്കെല്ലാം ഈ അനുമതി പത്രം ഉപയോഗിക്കാം. വിവിധതരം ക്രിയേറ്റിവ് കോമൺസ് അനുമതിപത്രങ്ങൾ ഉണ്ടെങ്കിലും സായാഹ്ന താഴെപ്പറയുന്നവയെ ആണ് പ്രോത്സാഹിപ്പിക്കുന്നത്.

CC-BY-SA: ഉപയോക്താവിന് സൃഷ്ടികൾ പകർത്തുകയോ വിതരണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ മാറ്റം വരുത്തി ഉപയോഗിക്കുകയോ ചെയ്യാം; പക്ഷെ മറ്റൊരാൾക്ക് നിങ്ങളുടെ പുനർസൃഷ്ടികളും അതേപോലെതന്നെ ഉപയോഗിക്കാനുള്ള അനുവാദം നൽകണം. ഉചിതമായ രീതിയിൽ സ്രഷ്ടാവിനോടുള്ള കടപ്പാട് രേഖപ്പെടുത്തുകയും വേണം.

CC-BY-NC-SA: വാണിജ്യപരമല്ലാത്ത ആവശ്യങ്ങൾക്കായി ഉപയോക്താവിന് സൃഷ്ടികൾ പകർത്തുകയോ വിതരണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ മാറ്റം വരുത്തി ഉപയോഗിക്കുകയോ ചെയ്യാം; സമുചിതമായ രീതിയിൽ സ്രഷ്ടാവിനോടുള്ള കടപ്പാട് രേഖപ്പെടുത്തണമെന്ന മാത്രം.

## 3 ഉള്ളടക്കം

### വിഭാഗങ്ങൾ

സായാഹ്ന താഴെപ്പറയുന്ന വിഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു:

1. ലേഖനം, നിരൂപണം, പഠനം
2. അഭിമുഖം
3. ചെറുകഥ
4. നോവൽ
5. നാടകം
6. കവിത
7. തിരക്കഥ
8. ഭാഷാശാസ്ത്രം
9. സാഹിത്യചരിത്രം
10. കാർട്ടൂൺ
11. ജീവചരിത്രം
12. ആത്മകഥ, അനുസ്മരണം
13. …

### സമർപ്പണരീതി

പ്രസിദ്ധീകരണത്തിനായി ഉള്ളടക്കം അയയ്ക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ഗ്രന്ഥകർത്താക്കൾ ശ്രദ്ധിക്കേണ്ടതാകുന്നു:

1. ഉള്ളടക്കം ഇലക്ട്രോണിക് രൂപത്തിലുള്ള പ്രമാണങ്ങളായി അയയ്ക്കുക.
2. പ്രമാണങ്ങൾ ഇമെയിൽ അറ്റാച്ച്മെന്റായി <editors@sayahna.org> എന്ന വിലാസത്തിലേയ്ക്ക് അയക്കുക.
3. യൂണിക്കോഡ് വ്യവസ്ഥ അനുസരിച്ച് നിർമ്മിക്കപ്പെട്ട പാഠരൂപമാണ് (utf-8 text format) ഏറ്റവും സ്വീകാര്യമായ ഇനം.
4. ഇപ്പോൾ പ്രചാരത്തിലുള്ള വേഡ്പ്രോസസ്സർ (Word, OpenOffice) രൂപങ്ങളും സ്വീകാര്യമാണ്. യൂണിക്കോഡ് വ്യവസ്ഥയനുസരിച്ചാണ് പാഠനിവേശനം നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുക.
5. പേജ്മേക്കർ പ്രമാണങ്ങൾ, ആസ്കി വ്യവസ്ഥയനുസരിച്ചുള്ള പാഠം, എന്നിവ സ്വീകാര്യമല്ല.
6. ഉള്ളടക്കം അയയ്ക്കുന്നതിനു മുമ്പ് അക്ഷരത്തെറ്റുകളും പ്രയോഗവൈകല്യങ്ങളും വസ്തുനിഷ്ഠമല്ലാത്ത തെറ്റുകളും തിരുത്താൻ ശ്രദ്ധിക്കുക.
7. അയച്ച കിട്ടിയ രചനകൾ സായാഹ്നയിൽ പ്രൂഫ് വായിച്ച് തിരുത്തുമെന്ന പ്രതീക്ഷിക്കരുത്. പരിപൂർണ്ണമായും പലവട്ടം പ്രൂഫ് വായിച്ച തിരുത്തിവേണം രചനകൾ അയക്കാൻ. ടൈപ്പ്സെറ്റ് ചെയ്യുമ്പോൾ വരാവുന്ന തെറ്റുകളല്ലാത്ത ഒന്നും തന്നെ ഫൈനൽ രൂപത്തിൽ മാറ്റുന്നതല്ല. എന്തെന്നാൽ വളരെ ദുർലഭമായ സന്നദ്ധപ്രവർത്തകരുടെ കാരുണ്യത്തിലാണ് സായാഹ്ന പ്രവർത്തിക്കുന്നത്.

### പത്രാധിപസമിതി

1. അയയ്ക്കുന്ന രചനകൾ സായാഹ്നയുടെ പത്രാധിപസമിതിയുടെ അംഗീകാരത്തോടെ മാത്രമേ പ്രസിദ്ധീകരണത്തിനു സ്വീകരിക്കുകയുള്ളൂ.
2. സമിതിയുടെ തീരുമാനം അന്തിമമാണ്.
3. പ്രസിദ്ധീകരണയോഗ്യമാണെന്ന സമിതി നിർദ്ദേശിക്കുന്ന ഉള്ളടക്കത്തിന്റെ ഗ്രന്ഥകർത്താക്കൾ ക്രിയേറ്റിവ് കോമൺസ് ലൈസൻസ് അനുസരിച്ച് ഡിജിറ്റൽ പ്രസാധനം നടത്താൻ രേഖാമൂലം സമ്മതം നൽകേണ്ടതാണ്.
4. ഓർക്കുക: ഈ സമ്മതം ഡിജിറ്റൽ രൂപങ്ങൾ സായാഹ്നയിൽ പ്രസിദ്ധീകരിക്കാനുള്ള അനുവാദം മാത്രമാണ്. ഗ്രന്ഥകർത്താവെന്ന നിലയ്ക്കുള്ള പകർപ്പകാശവും മറ്റെല്ലാ അവകാശങ്ങളും ഗ്രന്ഥകർത്താവിൽ നിക്ഷിപ്തമാണ്. മറ്റു മാദ്ധ്യമങ്ങളിലും അച്ചടിച്ചും ഉള്ളടക്കം പ്രസിദ്ധീകരിക്കാനുള്ള സ്വാതന്ത്ര്യം എപ്പോഴും ഗ്രന്ഥകർത്താവിനുണ്ട്.
5. പത്രാധിപസമിതിയുടെ അനുകൂലതീരുമാനം അറിയിക്കുന്ന മെയിലിനോടൊപ്പം സമ്മതപത്രത്തിന്റെ പിഡിഎഫ് പകർപ്പ് അയച്ചുതരുന്നതാണ്.
6. സമ്മതപത്രത്തിന്റെ അച്ചടിപ്പകർപ്പെടുത്ത് പൂരിപ്പിച്ച് ഒപ്പിട്ട് താഴെക്കാണുന്ന വിലാസത്തിലേയ്ക്ക് അയയ്ക്കുക.

   Sayahna Foundation
   JWRA 34, Jagathy
   Trivandrum 695014
7. അതല്ലെങ്കിൽ ഒപ്പിട്ട താളുകളുടെ സ്കാൻ <editors@sayahna.org> എന്ന വിലാസത്തിലേയ്ക്ക് അയയ്ക്കുക.
8. അതുമല്ലെങ്കിൽ താഴെ കൊടുത്തിട്ടുള്ള കണ്ണിയിൽ ലഭ്യമായ ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കുക.

   https://sayahan.net/consent
9. സമ്മതപത്രം കിട്ടിയശേഷം മാത്രമേ ഉള്ളടക്കത്തിന്റെ പാഠസംസ്കരണം തുടങ്ങുകയുള്ളൂ.

## 4 പ്രസാധനരീതി

1. മുമ്പ് സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ രൂപങ്ങൾ മാത്രമേ സായാഹ്ന പ്രസിദ്ധീകരിക്കുകയുള്ളൂ.
2. അച്ചടിപ്പതിപ്പ് വേണ്ടവർ ആ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസാധകരെ സമീപിക്കുകയോ സ്വന്തം നിലയ്ക്കു പ്രസിദ്ധീകരിക്കുകയോ ആവാം.
3. സായാഹ്നയ്ക്കു് നൽകിയിട്ടുള്ള സമ്മതം അതിനു തടസ്സമല്ല.
4. സായാഹ്ന മൂന്നു രൂപങ്ങളിലാണു് ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നതു്.
   (i) പിഡിഎഫ്: സ്മാർട് ഫോൺ, റ്റാബ്‌ലറ്റ്, ഡെസ്ക്‌ടോപ് എന്നിവയിൽ വായിക്കാൻ
   (ii) എച്റ്റിഎംഎൽ: വെബ്, സ്മാർട് ഫോൺ, റ്റാബ്‌ലറ്റ്, ഡെസ്ക്‌ടോപ്
   (iii) എക്സ്എംഎൽ: സംരക്ഷണരൂപം (ഭാവി ഉപയോഗത്തിനായി). ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയാൻ സായാഹ്ന പ്രസിദ്ധീകരിച്ച ഡിജിറ്റൽ പാഠസംരക്ഷണം എന്ന ലേഖനം കാണുക.

## 5 ചില കണ്ണികൾ

- പ്രധാന താൾ
- സമാഹാരങ്ങൾ
- ഫോൺ പതിപ്പുകൾ
- സാഹിത്യവാരഫലം
- ശബ്ദതാരാവലി
- തിക്കോടിയൻ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014